II.ഇ.ബി. XII--കേരള നിയമസഭ/V-15

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

108 (*481) സംസ്ഥാനത്തെ റോഡുകളുടെ നിലവാരം

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.ടി.യു.കുരുവിള) നൽകിയ മറുപടിയിൽ, ദേശീയ പാത വിഭാഗത്തിൽ ഇൻഡ്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന നിലവാരവും കേന്ദ്ര ഷിപ്പിംഗ് റോഡ് ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും പഠനവും അനുസരിച്ചാണ് കേരളത്തിലെ പി.ഡബ്ള്യൂ.ഡി. റോഡുകൾ നിർമ്മിക്കുന്നതെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 9021 കി.മീറ്റർ റോഡു കളെ ക്കുറിച്ച് പഠനം നടത്തുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ന്യൂഡൽഹിയിലെ 'റൈറ്റ്സ്' എന്ന സ്ഥാപനത്തെ 1996-ൽ ഏൽപ്പിച്ചിരുന്നു. ഇപ്പോൾ 2810 കി.മീറ്റർ റോഡിന്റെ പ്രൊപ്പോസൽ വന്നതിൽ വിശദമായ പഠനങ്ങൾക്കുശേഷം 1600 കി.മീറ്റർ റോഡുകളാണ് ലോകബാങ്ക് സഹായ ത്തോടെ നടത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. റോഡ് മെയിന്റനൻസിനും അപ്ഗ്രഡേഷനും മറ്റുമായി 1612 കോടി രൂപയാണ് ലോകബാങ്ക് ധനസഹായമായി ലഭ്യമാകുന്നത്. ഈ പണികളെല്ലാം എസ്റ്റിമേറ്റ്

തയ്യാറാക്കിയാണ് ചെയ്യുന്നതെന്നും എന്തെങ്കിലും അപാകതകൾ വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതാണെന്നും മന്ത്രി വെളിപ്പെടുത്തി. ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന കെ.എസ്.ടി.പി.-യുടെ ഭാഗമായ പൊതുമരാമത്ത് വകുപ്പ് നവീകരണത്തിന് ഒരു റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനം പ്രാവർത്തികമാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സിസ്റ്റം ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതാണ്. നാഷണൽ ഹൈവേയുടെ വികസനത്തിനുവേണ്ടി കേന്ദ്രഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് നൽകുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. തലസ്ഥാന നഗരിയിലെ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്ഥലമെടുപ്പ് പുരോഗമിക്കുന്നതുകൂടാതെ പൂഞ്ച്ലോയ്ഡ് എന്ന കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്ത് റേറ്റ് കുറയ്ക്കുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. എത്രയുംവേഗം ചർച്ച പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കുന്നതാണ്. ഈ റോഡുകളുടെ മെയിന്റനൻസിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പരീക്ഷണാർത്ഥം 500 മീറ്റർ നീളത്തിലുള്ള റോഡ് പ്ളാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്തത് വിജയകരമാണെന്നുകണ്ടതിനാൽ ഇതിനെ സംബന്ധിച്ച് കൂടുതൽ പഠനം നടത്തിയതിന്റെ വെളിച്ചത്തിൽ ഈ വർഷംതന്നെ എല്ലാ ജില്ലയിലും ഓരോ കിലോമീറ്റർ നീളത്തിൽ പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് ടാർ ചെയ്യാനുള്ള സംവിധാനം

ഏർപ്പെടുത്തുന്നതാണ്. അപകടങ്ങൾ പതിയിരിക്കുന്ന എൻ.എച്ച്. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നത് എൻ.എച്ച്. അതോറിറ്റി ഓഫ് ഇൻഡ്യയുടെ നേതൃത്വത്തിലായതിനാൽ ആവശ്യമായ റിപ്പയർ ചെയ്തശേഷം അതിനുവേണ്ടി വന്ന തുക കേന്ദ്രത്തോട് ആവശ്യപ്പെടാനുള്ള നിർദ്ദേശം എൻ.എച്ച്. ആഫീസർക്ക് കൊടുത്തിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് ബിൽഡിംഗ് ലൈനും കൺട്രോൾ ലൈനും ഫിക്സ് ചെയ്യാനുള്ള അധികാരം ചീഫ് എഞ്ചിനീയർക്കുണ്ട്. എന്നാൽ അതിലുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി എത്രയുംവേഗം നടപടികൾ പൂർത്തീകരിച്ച് റോഡ് സർവ്വേ നടത്തി ഡീമാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലം മോശമായ റോഡുകളുടെ പണി ക്വട്ടേഷൻ വിളിച്ച് ചെയ്യുന്ന കാര്യം ക്യാബിനറ്റ് അംഗീകരിക്കുകയും അതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മഴക്കാലത്ത് ഒരു കാരണവശാലും മറ്റുജോലികൾ നടത്തുന്നതിനുവേണ്ടി റോഡുകൾ വെട്ടിപ്പൊളിക്കരുതെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചില നിബന്ധനകൾക്കു വിധേയമായി ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള സമിതിക്കു മാത്രമേ റോഡ് വെട്ടിമുറിച്ച് പണിനടത്തുന്നതിനുള്ള അംഗീകാരം കൊടുക്കാൻ കഴിയുകയുള്ളൂ. മൺസൂൺ വരുന്നതിനുമുമ്പ് അഴുക്കുചാലുകളും ഓടകളും മറ്റും വൃത്തിയാക്കുന്നതിന് 30 കോടി രൂപയുടെ ക്രമീകരണം ചെയ്തിട്ടുണ്ട്. 31.5.2007 വരെ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശികയായ 887.7 കോടി രൂപ ചില വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

109 (*482) <u>പോലീസ് കംപ്ളയിന്റ് അതോറിറ്റി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേരള സർക്കാർ 02.04.07-ലെ നോട്ടിഫിക്കേഷൻ പ്രകാരം പുറപ്പെടുവിച്ച കേരള പോലീസ് ഭേദഗതി ഓർഡിനൻസ്, 2007 അനുസരിച്ച് പോലീസ് കംപ്ളയിന്റ്സ് അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത ഓർഡിനൻസ് പ്രകാരം സംസ്ഥാനതല കംപ്ളയിന്റ്സ് അതോറിറ്റി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ പോലീസ് സെക്യൂരിറ്റി കമ്മീഷൻ, പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ്, പോലീസ് കംപ്ളയിന്റ് അതോറിറ്റി എന്നിവ രൂപീകരിക്കാനും ക്രൈം ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർപെടുത്താനുള്ള  നടപടികൾ സ്വീകരിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനതല കംപ്ളയിന്റ്സ് അതോറിറ്റിയിൽ ഹൈക്കോടതിയിൽനിന്നും വിരമിച്ച ഒരു ന്യായാധിപൻ ചെയർമാനും സർക്കാർ സർവ്വീസിൽ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥനും പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ റാങ്കിലുള്ള ഒരുദ്യോഗസ്ഥനും അംഗങ്ങളുമായിരിക്കും. ജില്ലാതല കംപ്ളയിന്റ്സ് അതോറിറ്റിയിൽ വിരമിച്ച ഒരു ജില്ലാ ന്യായാധിപൻ ചെയർമാനും ജില്ലാകളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ അംഗങ്ങളുമായിരിക്കും പോലീസ് സൂപ്രണ്ടിനും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ സ്വഭാവദൂഷ്യ ത്തിനും മറ്റുമെതിരെ ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും ഏതൊരു റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെതിരെയും കൊലപാതകം, ഗുരുതരമായ പരിക്കേൽപ്പിക്കൽ, ബലാൽസംഗം, മാനഭംഗം എന്നിവ യ്ക്കെതിരെ ഉന്നയിക്കുന്ന പരാതി പരിശോധിക്കുന്നതിനും അന്വേഷിക്കു

ന്നതിനും സർക്കാരിന് വേണ്ട നിർദ്ദേശം നൽകുന്നതിനും റിട്ടയേർഡ് ജസ്റ്റിസ് ശ്രീ.കെ.കെ. ദിനേശൻ ചെയർമാനും ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) എന്നിവർ അംഗങ്ങളുമായുള്ള സംസ്ഥാനതല കംപ്ളയിന്റ് അതോറിറ്റിക്ക് അധികാരമുണ്ട്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനും അതിന് താഴെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും സർക്കാരിന് ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകുന്നതിനും ജില്ലാതല കംപ്ളയിന്റ് അതോറിറ്റിക്ക് അധികാരമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി 1960 -ലെ കേരള പോലീസ് ആക്ട് സമഗ്രമായി പരിഷ്ക്കരിച്ച് നിയമമാക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ ഒരു കാരണവശാലും പാടില്ല എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുവിരുദ്ധമായ സമീപനം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ജസ്റ്റീസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ റസിഡന്റ്സ് അസോസിയേഷനുകളുമായി ബന്ധപ്പെടുത്തി കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനത്തെസംബന്ധിച്ച് ചില പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

110 (*483) <u>തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ തർക്കങ്ങൾ സമയോചിതമായ ഇടപെടലുകളിലൂടെയും അനുരഞ്ജന ചർച്ചകളിലൂടെയും പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗവും യഥാസമയങ്ങളിൽ വ്യവസായസ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. കൂടുതൽ ചൂഷണത്തിന് വിധേയരാവുന്നുവെന്നു കരുതപ്പെടുന്ന മേഖലകളിൽ തൊഴിലാളികളേയും തൊഴിലുടമയേയും തൊഴിൽ നിയമങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിന് സംസ്ഥാനത്തുടനീളം സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. ലേബർ കോടതികളിലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളിലുമായി തൊഴിൽരംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് നിലനിൽക്കുന്ന 2566 കേസ്സുകളിൽ കഴിയുന്നതും വേഗം പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം തോട്ടംമേഖലയിലെ 6 തോട്ടങ്ങൾ തുറന്നു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മുൻകാലത്ത് അടച്ചുപൂട്ടിയ ഏതാനും പൊതുമേഖലാസ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുകയും മറ്റുചില സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളിലെ തൊഴിലാളികളുടെ മിനിമം വേജസിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയൊരു കമ്മിറ്റി രൂപീകരിച്ച് മിനിമം വേജസ് പുതുക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. ഏറ്റവും പിന്നോക്കംനിൽക്കുന്ന ദുർബ്ബല വിഭാഗങ്ങളുടെ കയർ, കൈത്തറി സൊസൈറ്റികളെ ഇ.എസ്.ഐ.യുടെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഗവണ്മെന്റ് ഉടമയിലുള്ള പ്ളാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യം നിഷേധിച്ചു എന്ന വിവരം തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെ ട്ടാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

111 (*485) <u>തടവുകാരുടെ പ്രശ്നങ്ങൾ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ജയിലുകളിലെ തടവുകാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനായി ജയിൽ ഉപദേശക സമിതികൾ, ജയിൽ റിവ്യൂ കമ്മിറ്റി എന്നിവ പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നറിയിച്ചു. കേരളപ്പിറവി സുവർണ്ണജൂബിലിയുടെ ഭാഗമായി 8.6.2007-ലെ ഉത്തരവ് പ്രകാരം തടവുകാർക്ക് സ്പെഷ്യൽ റെമിഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പുതുക്കി നിശ്ചയിച്ച പ്രകാരമുള്ള വേതനമാണ് തടവുകാർക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

112 (*489) <u>പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന കാർഷിക നേട്ടം</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന കാർഷിക മേഖലയിലെ അർഹമായ നേട്ടം മുഴുവനും അനുഭവത്തിൽ വരുത്തുന്നതിന് സംസ്ഥാന ഗവണ്മെന്റ് കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ടെന്നറിയിച്ചു. ഇതിലേയ്ക്ക്

കർഷകർക്ക് സഹായങ്ങളും നിർദ്ദേശങ്ങളും നൽകാനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കാർഷിക വിജ്ഞാനവ്യാപനത്തിനുള്ള 'സ്പെഷ്യൽ സപ്പോർട്ട് പദ്ധതി' പ്രകാരം വിജ്ഞാനവ്യാപന പരിപാടികൾ ഏകോപിപ്പിച്ച് കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതി ആലോചനയിലുണ്ട്. കാർഷികാധിഷ്ഠിത പരിപാടികളുടെ പരിശീലനം, ഗവേഷണവ്യാപനത്തിന്റെ പരിശീലനം എന്നീ തരത്തിൽ പരിശീലന പരിപാടികൾ വേർതിരിച്ച് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന ആത്മ (ATMA) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഈ പദ്ധതി ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കുന്നതാണ്.കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ആർ.എ.റ്റി.റ്റി.സി. വഴിയും 2 ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ വഴിയും വിവിധ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകിവരുന്നു.

113 (*492) <u>വാഹനാപകടങ്ങളും മരണവും</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുമൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ക്രമാതീതമായ വാഹനപ്പെരുപ്പം, അതിനനുസരിച്ചുള്ള റോഡുകളുടെ അപര്യാപ്തത, അശ്രദ്ധമായും അപകടകരമായും വാഹനങ്ങൾ ഓടിക്കുക, മദ്യപിച്ചും മൊബൈൽ ഫോൺ ഉപയോഗിച്ചും വാഹനങ്ങൾ ഓടിക്കൽ, വാഹനങ്ങൾ തമ്മിലുള്ള മൽസരഓട്ടം, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി, ടെലിഫോൺസ് തുടങ്ങിയ വകുപ്പുകൾ അശാസ്ത്രീയമായവിധം റോഡുകൾ വെട്ടിമുറിക്കുന്നതുമൂലം റോഡുകളിലൂണ്ടാകുന്ന തകരാറുകൾ യഥാസമയം

തീർക്കാതിരിക്കൽ, നടപ്പാതകളുടെ അപര്യാപ്തത, കാലഹരണപ്പെട്ട വാഹനങ്ങൾ സർവ്വീസിന് ഉപയോഗിക്കൽ മുതലായവയാണ് അതിനുള്ള പ്രധാനകാരണങ്ങൾ. എന്നും അറിയിച്ചു. വാഹനങ്ങളുടെ അമിതവേഗം കണ്ടുപിടിക്കുന്നതിന് സ്പീഡ് റഡാർ ഉപയോഗിച്ചുള്ള സ്പീഡ് ചെക്കിംഗ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

114 (*494) <u>ടൂറിസം കേന്ദ്രങ്ങൾ മാനിന്യവിമുക്തമാക്കാൻ നടപടി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിച്ചു. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വൃത്തിയാക്കുന്നതിനൊപ്പം മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്ക്കരണത്തിനും ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും കുടുംബശ്രീയുമായി ചേർന്ന് ക്ളീൻ ഡസ്റ്റിനേഷൻ കാമ്പയിനിന്റെ ഭാഗമായി 87 കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കോവളം, മൂന്നാർ ടൂറിസം മേഖലകളിൽ പഞ്ചായത്തുകളുമായി ചേർന്ന് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 'മാലിന്യ വിമുക്ത കേന്ദ്രങ്ങൾ' എന്ന പുതിയ പദ്ധതിയുടെ കീഴിൽ വേളി, ആക്കുളം, ശംഖുമുഖം, കുമരകം, ഫോർട്ട്കൊച്ചി, തേക്കടി, കോഴിക്കോട് ബീച്ച്, ബേക്കൽ എന്നീ ആറ് കേന്ദ്രങ്ങൾ ഉൾപ്പെടുത്തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടേയും എൻ.ജി.ഒ.കളുടെയും

സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

115 (*500) ഹൈവേ പോലീസ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ദേശീയപാതകളിലെ റോഡപകടങ്ങൾ തടയുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്ന സംസ്ഥാന റോഡ് സുരക്ഷാ കൗൺസിലിന്റെ തീരുമാനപ്രകാരം 22.5.02 മുതൽ രണ്ടു ദേശീയ പാതകളിലും ഏർപ്പെടുത്തിയ മുഴുവൻ സമയ പട്രോളിംഗിനുള്ള താൽക്കാലിക ക്രമീകരണങ്ങൾ ഫലപ്രദമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിലാണ് 'ഹൈവേ പോലീസ്' സംവിധാനം 9.8.02 മുതൽ നിലവിൽ വന്നതെന്നറിയിച്ചു. അമിതവേഗത്തിൽ വാഹനമോടിച്ചതിന്റെ പേരിൽ 2005-06 വർഷത്തിൽ 10520 കേസ്സുകൾ എടുത്തിട്ടുണ്ട്. ഹൈവേകളിൽ അപകടം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹൈവേ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

116. (*503) പോലീസ് വകുപ്പിലെ കായികതാരങ്ങൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നിർദ്ദിഷ്ടയോഗ്യതകളുള്ള മികച്ച കായികതാരങ്ങളെ സർക്കാർ അനുമതിയോടെ സർവ്വീസിൽ നേരിട്ട് നിയമിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടെന്നറിയിച്ചു. പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച 148 പേർ സർവ്വീസിലുണ്ട്.

117 (*504) <u>തേനീച്ച വളർത്തൽ</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ ഇന്ത്യൻ തേനീച്ച(എപിസ് ഇൻഡിക്ക), ഇറ്റാലിയൻ തേനീച്ച (എപിസ് മെല്ലിഫെറ), ചെറുതേനീച്ച എന്നീ ഇനങ്ങളിലുള്ളവയെയാണ് കേരളത്തിൽ വ്യാപകമായി വളർത്തുന്നതെന്നറിയിച്ചു. ഇവയിൽ ഇന്ത്യൻ വംശത്തിൽപ്പെടുന്ന ചെറുതേനീച്ച പ്രതിവർഷം ശരാശരി 100 ഗ്രാം ചെറുതേനാണ് ഉൽപ്പാദിപ്പിക്കുന്നത്. ചെറുതേൻ വിലകൂടിയതും ഔഷധമൂല്യം കൂടുതലുള്ളതുമാണ്. തേനിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഹണി പൗഡർ, കോംപ് ഹണി, തേൻ മെഴുക്, റോയൽ ജെല്ലി, തേനീച്ച വിഷം തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നു. ഖാദി ബോർഡിന്റെ വിൽപ്പനശാലകൾവഴിയും ഹോർട്ടികോർപ്പ് സ്റ്റാളുകൾവഴിയും നേരിട്ടും തേൻ വിപണനം ചെയ്തുവരുന്നു.

118 (*508) <u>സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ ഉൽപ്പന്നങ്ങൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കാഷ്യൂ സൂപ്പ്, കാഷ്യൂ ബിവറേജ് പൗഡർ, കാഷ്യൂ പൗഡർ, കാഷ്യൂ മിക്സ്ചർ എന്നീ പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

180 (3597) <u>ഹെൽമറ്റ്</u>

ഹെൽമറ്റ് നിർബന്ധമാക്കിയ 2007 ജൂൺ 15-നു ശേഷം ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്ത 10 പേർ വിവിധ വാഹനാപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്.

ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്തിട്ടും അപകടങ്ങൾ ഉണ്ടായതായ വാർത്തയെ സംബന്ധിച്ച് കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

181 (3634) ജയിലുകളിൽ വെബ് ക്യാമറ സ്ഥാപിക്കാൻ നടപടി

സംസ്ഥാനത്തെ ജയിലുകളിൽ വെബ് ക്യാമറ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മൂന്ന് സെൻട്രൽ ജയിലുകളെ ജയിൽ ആസ്ഥാന കാര്യാലയവുമായി ബന്ധിപ്പിച്ച് വെബ് ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

182 (3635&3638) ജയിൽപുള്ളികളുടെ എണ്ണം

സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 2203 |
| കൊല്ലം | 299 |
| പത്തനംതിട്ട | 145 |
| ആലപ്പുഴ | 203 |
| കോട്ടയം | 102 |
| എറണാകുളം | 324 |
| ഇടുക്കി | 87 |
| തൃശൂർ | 846 |
| വയനാട് | 82 |
| മലപ്പുറം | 172 |
| കോഴിക്കോട് | 443 |
| കണ്ണൂർ | 1362 |
| പാലക്കാട് | 213 |
| കാസർഗോഡ് | 98 |

തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഇപ്പോൾ 1548 തടവുകാരുണ്ട്. 2001-2006 കാലഘട്ടത്തിൽ പരോളിലിറങ്ങിയിട്ട് തിരിച്ച് വരാതിരുന്ന 13 പേരിൽ 3 പേരെ ഈ സർക്കാർ പിടികൂടിയിട്ടുണ്ട്.

183 (3686) <u>ടൂറിസ്റ്റുകളുടെ എണ്ണം</u>

2007 വർഷത്തിലെ ആദ്യപാദ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 25.89%വും തദ്ദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 7.95 %വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

184 (3703) <u>വിജിലൻസ് കേസ്സുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 159 വിജിലൻസ് കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

185 (3769) <u>മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്</u>

സംസ്ഥാനത്ത് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാൻ അർഹതയുള്ള 1,34,348 സ്ഥാപനങ്ങളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 360 മോട്ടോർ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിലൂടെ രജിസ്ട്രേഷൻ ഫീസിനത്തിൽ 4,48,795 രൂപ പിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം 2006-07-ൽ 411 മോട്ടോർ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയും രജിസ്ട്രേഷനും കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

186 (3784) <u>സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ</u>

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 30 കശുവണ്ടി ഫാക്ടറികളിലായി 14702 ജീവനക്കാർ പണിയെടുക്കുന്നുണ്ട്. 34000 തൊഴിലാളികളെ നിയമിക്കാനുള്ള ലൈസൻസ് കോർപ്പറേഷനുണ്ട്. ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റിയിൽ ജോലി ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളെ നിയമിക്കാനുള്ള നടപടികൾ കോർപ്പറേഷൻ തുടങ്ങിക്കഴിഞ്ഞു.ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2007 ജനുവരി 1 മുതൽ ജൂൺ 30 വരെ 122 ദിവസം ജോലി

നൽകിയിട്ടുണ്ട്. ഈ വർഷം ഇനി 100 തൊഴിൽ ദിനങ്ങൾകൂടി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.